# തബ്‌ലീഗ് ജമാഅത്ത് എതിർപ്പ് എന്ത്കൊണ്ട് ?

പലരും തബ്‌ലീഗ് ജമാഅത്തിൽ പെട്ട്പോവുന്നത് അവരുടെ ബാഹ്യമായ പ്രവർഥനങ്ങൾ നോക്കിയാണ്. നല്ല താടിയും തലേക്കെട്ടും, ജനങ്ങളെ നിസ്കരിക്കാനും മറ്റ് നല്ല കാര്യങ്ങളിലേക്കും ക്ഷണിക്കുന്നു, പിന്നെന്താണ് അവരിലുള്ള തെറ്റ് എന്ന് ചോദിക്കുന്നവരെ കാണാം. വിശ്വാസവൈകല്യമാണ് അവരിലുള്ളത് എന്നത് പലരും മനസ്സിലാക്കുന്നില്ല. വിശ്വാസവൈകല്യമുള്ളവരുടെ സൽപ്രവർഥനങ്ങൾ സ്വീക്കപ്പെടുകയില്ലെന്ന വസ്തുത തർക്കമറ്റതാണല്ലോ. അവയിൽ ചിലത് താഴെ ഉദ്ധരിക്കുന്നു.

1) നബിക്ക് ശേഷം മറ്റൊരു നബി വരുന്നതിൽ വിരോധമില്ല അങ്ങിനെ നബി വന്നാൽ തന്നെ നബിയുടെ അന്ത്യ പ്രാവചകത്വത്തിന് കോട്ടം തട്ടുകയില്ല. (തഹ്ദീറുന്നാസ്, പേജ് 25.തബ്‌ലീഗ് ഗ്രന്ഥം.)

**തബ്‌ലീഗ് ഗ്രന്ഥങ്ങളിലെ തുടർന്നുള്ള ഉദ്ധരണികൾ ശ്രദ്ധിക്കുക.**

2) ഇബ്നു അഅബ്ദിൽ ഹാബിന്റെ അനുയായികളെ (മുജാഹിദുകളെ) വഹാബികൾ എന്ന് പറയുന്നു.അവരുടെ വിശ്വാസം നല്ല വിശ്വാസമാണ് (ഫതാവാറാശീദിയ്യ, പേജ് 107) വഹാബി(മുജാഹിദ്) വിശ്വാസങ്ങളെ അംഗീകരിക്കുന്ന ഇവരുടെ ആശയങ്ങൾ താഴെപറയുന്ന(തബ്‌ലീഗ്) ഉദ്ധരിണികളിൽ നിന്നും മനസ്സിലാക്കുക.

3) നബി(സ)ക്ക് ഗൈയ്ബ് (മറഞ്ഞ കാര്യം) അറിയില്ലായിരുന്നു. നബി(സ) അങ്ങിനെ വാദിച്ചിട്ടേയില്ല. നബി(സ)ക്ക് ഗൈയ്ബറിയുമെന്ന് വിശ്വസിക്കൽ വ്യക്തമായ ശിർക്കാണ്. (ഫതാവാറാശീദിയ്യ, പേജ്: 96)

4) അല്ലാഹു അല്ലാതെ ആരെങ്കിലും ഗൈയ്ബ് അറിയുമെന്ന് സ്ഥാപിക്കുന്നവൻ നിസ്സംശയം കാഫിറാണ്. അവന്റെ പുറകെ നിസ്കരിക്കലും അവനോട് സ്നേഹബന്ധം പുലർത്തലും ഹറാമാണ് (ഫതാവാറാശീദിയ്യ, പേജ്: 62)

5) നബി(സ)യെ ഗൈബ് അറിയുമെന്ന വിശ്വാസത്തോടെയാണ് വിളിച്ചതെങ്കിൽ തനികാഫിറാണ്. പ്രസ്തുത വിശ്വസത്തോടെയെല്ലെങ്കിൽ കുഫ്ർ അല്ലെങ്കിലും കാഫിറിനോട് തുല്ല്യമാണ്. (ഫതാവാറാശീദിയ്യ, പേജ്: 66)

6) അസ്സലാമുലൈക്ക അയ്യുഹനബി എന്ന് അത്തഹിയാത്തിൽ നബി(സ) കേൾക്കുമെന്ന വിശ്വാസത്തോടെ പറായൽശിർക്ക്തന്നെ.(ബറാഹിനെ ഖാതിഅ അപേജ് 28)

7) മൗലിദ് മുശ്‌രിക്കുകളുടെ അടയാളമാണ്. (ബറാഹിനെ ഖാതിഅ പേജ് 27)

8) ശറഇന്ന് വിരുദ്ധമായയാതൊന്നുമില്ലെങ്കിലും ആ മൗലിദ് സംഘടിപ്പിക്കുന്നതിന്ന് നബി(സ)യോട് ആഭിമുഖ്യവും ആവേശവും ഉള്ളത്കൊണ്ട് പാടില്ലാത്തതാകുന്നു. ഉറൂസും ഇപ്രകാരം തന്നെ (ഫതാവാറാശീദിയ്യ, പേജ്: 105)

9) യാതൊരു മൗലിദും ഉറൂസും ശരിയല്ല. അതിൽ പങ്കെടുക്കൽ അനുവദനീയവുമല്ല(ഫതാവാറാശീദിയ്യ, പേജ്: 147,148)

10) പിശാചിന്നും മലക്കുൽമൗത്തിന്നും വിശാലമായ അറിവുണ്ടന്ന് സ്ഥിരപ്പെട്ടതാണ്. നബിക്കും അങ്ങിനെ ഉണ്ടെന്നതിന്ന് തെളിവില്ല.അതിനാൽ പിശാചിന്റെയോ മലക്കുൽമൗത്തിന്റെയോ അറിവ് നബിക്കുണ്ടെന്ന് വിശ്വസിക്കൽ ശിർക്കാണ (ബറാഹിനെ ഖാതിഅ പേജ് 55)

11) അലൈക്ക, അലന്നബിയ്യി എന്നിവയിൽ ഏത്പറഞ്ഞാലും നബികേൾക്കും എന്ന വിശ്വാസത്തോടെയാണെങ്കിൽ അത് തനി കുഫ്റാണ്. (ഫതാവാറാശീദിയ്യ, പേജ്: 89)

12) അത്തഹിയ്യാത്തിൽ അസ്സലാമുലൈക്ക അയ്യുഹന്നബിയ്യ എന്ന് പറയുമ്പോൾ അത് നബി(സ) കേൾക്കും എന്ന വിശ്വാസത്തിലാണെങ്കിൽ അത് ശിർക്ക് തന്നെയാണ് (അമ്പേട്ടവി-ബറാഹിനെഖാതിഅ പേജ് 26)

13) അസ്സലാത്തുവസ്സലാമു അലൈക്ക എന്ന് പറയുന്നവന്റെവിശ്വാസം നബിഅറിയും കേൾക്കും എന്നാണങ്കിൽ അത് പറയാൻ പാടില്ല അങ്ങിനെ പറയൽ അപകടകരമാണ്. (മുഹമ്മദ് ഇല്യാസ് കിതാബ്- പേജ്: 92)

14) നബി(സ) ഗയ്ബ് അറിയുമെങ്കിൽ അത്തരം അറിവ് സൈദ്, ബക്കർ, ഭ്രാന്തന്മാർ, നൽക്കാലി മൃഗങ്ങൾ എന്നിവക്കെല്ലാം ഉള്ളത് കൊണ്ട് നബി(സ) ക്ക് യാതൊരു പ്രത്യാകതയും ഇല്ല (ഥാനവി ഹിഫ്ളുൽ ഈമാൻ- പേജ്: 15)

15) ഏത് സൃഷ്ടിയും നബി(സ) ഉൾപ്പെടെ അല്ലാഹുവിന്റെ മുമ്പിൽ ചെരിപ്പുകുത്തിയേക്കാൾ നിന്ദ്യരാണ് (ഫതാവാറാശീദിയ്യ, പേജ്: 42)

16) നബിമാർക്ക് ശ്രേഷ്ട്ത വല്ലതുമുണ്ടെങ്കിൽഅത് അറിവിന്റെ കാര്യത്തിൽ മാത്രമാണ്. അമലിന്റെ കാര്യത്തിൽ ചിലപ്പോൾ ഉമ്മത്തികൾ നബിമാരെ കവച്ച് വെക്കും (ഥാനവി തഹ്ദീറുന്നാസ്-പേജ്: 5)

17) ഇബ്‌ലീസിന്റെ അത്ര അറിവ് നബി(സ) ഉണ്ടെന്ന് വിശ്വസിക്കുന്നവൻ മുശ്‌രിക്കാണ്. (അമ്പേട്ടവി ബറാഹീനെ ഖ്വാതിഅ പേജ്:55)

18) നബി(സ) ഉർദു പഠിച്ചത് ദയൂഹ്ബന്തിലെ ഉലമാക്കളുമായി ബന്ധപ്പെട്ട ശേഷമാണ് (ബറാഹീൻ പേജ്: 20)

19) നിസ്ക്കാരത്തിൽ നബി(സ) ഓർക്കുന്നത് സ്വന്തം കഴുതയേയോ കാളയെയോ ഓർക്കുന്നതിലും മോഷമാണ്. (സ്വിറത്തുൽ മുസ്തഖിം- പേജ്:97)

20) നമ്മുടെ സംഘത്തിന്റെ ചുറ്റിതിരിയലും നിസ്കരിപ്പിക്കലും തഅലീമും നമ്മുടെ ഉദ്ദേഷത്തിൽ അലിഫ് ,ബാ മാത്രമാണ്. (മൽഫുളത്ത്ഇൽയാസി പേജ്:21)

21) വടക്കെ ഇന്ത്യയിലെ കഞ്ചാല എന്ന പ്രദേശത്ത് ഹിജ്റ 1202 ൽ ജനിച്ച് 1262 ൽ ചരമം പ്രാപിച്ച ശാഹ് മുഹമ്മദ് ഇല്യാസ് മെവത്തിൽ വെച്ച് സ്ഥാപിച്ച ഒരു സംഘടനയാണ് തബ്ലീഗ് ജമാഅത്ത് (ദീനി ദഅവത്ത് പേജ്: 76 ദുസ്സുറുൽ അമൽ പേജ്: 2)

22) തബ്ലീഗ് ജമാഅത്ത് ജനങ്ങളെ നിസ്ക്കരിപ്പിക്കുന്ന സംഘടനയാണെന്നധാരണയാണ് സാധാരണക്കാരെ അതിലേക്ക് ആകർഷിപ്പിക്കുന്നത്. അതേ സംബന്ധിച്ച് സ്ഥാപകൻ പറയുന്നത് കാണുക. 22) സഹിറുൽ ഹസൻ എന്റെ ഉദ്ദേശം ആരും മനസ്സിലാക്കിയിട്ടില്ല. ഇത് നിസ്കരിപ്പിക്കുന്ന പ്രസ്ഥാനമാണ് എന്നാണ് ജനങ്ങൾ ധരിച്ചത് ഞാൻ സത്യം ചെയ്തു പറയുന്നു ഇത് നിസ്ക്കരിപ്പിക്കാനുള്ള പ്രസ്ഥാനം അല്ല. എന്റെ ലക്ഷ്യം പുതിയ പാർട്ടി ഉണ്ടാക്കലാണ്. (ദീനീദഅ:വത്ത്- പേജ്:205)

23) അശ്റഫലിഥാനവി, റഷീദ് അഹ്മദ്ഗാകോഹി, ഗലീൻ അഹ്മദ് അംബേട്ടവി തുടങ്ങിയവരുടെ ആദർശപ്രാചാരണത്തിൻ തന്റെ പാർട്ടി രൂപീകരണത്തിന്റെ ലക്ഷ്യമെന്ന് ഫുളാറത്ത് 57, 122 പേജുകളിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.

ആകയാൽ അഹ്ലുസുന്നത്തിൽ വൽജമാഅയിൽ വിശ്വസിക്കുന്ന ആളുകളോട് പറയാനുള്ളത്

തബ്ലീഗ് എന്ന പേരിൽ പ്രവർത്തിക്കുന്നവരുടെ വേശഭൂഷാദികൾ കണ്ട് വഞ്ചിക്കപ്പേടാതെരിക്കാൻ ശ്രദ്ധിക്കുന്നതോടൊപ്പം, ഇത്തരം വികലആശയങ്ങളാണ് വെച്ച് പുലർത്തുന്നതെന്ന് ഓരോരുത്തരും അറിഞ്ഞിരിക്കേണ്ടതുമാണ്. വളരെ തന്ത്രപരമായി അജ്ഞാനികളായ സുന്നികളെ അവരുടെ പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടരാവുകയും നാളുകൾക്ക് ശേഷം സുന്നത്ത്ജമാഅത്തിനോട് നീരസം തോന്നുന്ന ഒരവസ്ഥ സൃഷ്ടിക്കുകയുമാണ് അവർ ചെയ്യുന്നത്. അത് കൊണ്ട് ഈമാൻ നഷ്ട്പ്പെടുന്നവിശ്വാസങ്ങളിലേക്ക് വഴുതി വീഴാതിരിക്കാൻ ഈ പ്രസ്ഥാനവുമായി അകന്ന് നിൽക്കുവാനും സുന്നത്ത്ജമാഅത്തിന്ന് വേണ്ടി പ്രവർത്തിക്കുവാനും സ്നേഹ

ത്തോടെ ഉണര്‍ത്തി തബ്‌ലീഗ് ജമാഅത്ത്, മുജാഹിദാകുന്ന നാണയത്തിന്റെ മറു പുറമാണന്നുള്ള സത്യം ഒരിക്കല്‍ കൂടി ഉണര്‍ത്തി പ്രാര്‍ഥനാമനസ്സോടെ -----


www.islamkerala.com

abdulla_cherumba@yahoo.com

Mobile : 0097150 7927429